പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *226 06.02.2018 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ കളിൽ പുതിയ പാഠ്യ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ : | (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഓഫീസ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളെ ഉൾപ്പെടുത്തി ഐ.ടി.ഐ കളിൽ പുതിയ പാഠ്യ പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ; | (എ) ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) നടത്തുന്ന ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിനു (CTS) കീഴിലുള്ള ട്രേഡുകളാണ് ഐ.ടി.ഐകളിൽ നിലവിലുള്ളത്. ഓഫീസ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നീ മൂന്നു കോഴ്സുകളും നിലവിൽ സി.റ്റി.എസ് സ്കീമിനു കീഴിൽ ഇല്ല. ടി കോഴ്സുകളുടെ സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തി ആവശ്യമെങ്കിൽ ടി വിഷയം ഡി.ജി.റ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾ സംസ്ഥാനത്തെ ഐ.ടി. ഐകളിൽ നടക്കുന്നില്ല. |
| (ബി) ഓഫീസ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടാത്തത് മൂലം സംസ്ഥാനത്തിനകത്തും പുറത്തുമായി തൊഴിൽ നഷ്ടപ്പെട്ടവരുടെ വിവരങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ പഠനഫലം ലഭ്യമാക്കുമോ? | (ബി) ഈ വിഷയം സംബന്ധിച്ച് പഠനം നടന്നിട്ടില്ല |

സെക്ഷൻ ഓഫീസർ